# ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ
# പൗരോഹിത്യ സുവർണ്ണജൂബിലി സ്തോത്ര ശുശ്രൂഷക്രമം

(2022 ജൂൺ 26 ഞായർ)

### പ്രാരംഭ പ്രാർത്ഥന

അഖിലാണ്ഡത്തിന്റെ ഉടയവനും സഭയുടെ നാഥനുമായ കർത്താവേ, തിരുസഭയ്ക്കായി ഞങ്ങൾ നിന്നെ പുകഴ്ത്തുന്നു. തിരുസഭയിലെ ശുശ്രൂഷയ്ക്കായി അവിടുന്ന് തിരഞ്ഞെടുത്ത് അഭിഷേകം ചെയ്ത പിതാക്കന്മാർക്കും, വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സുവിശേഷകർക്കുമായി ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ക്രിസ്തുസഭയിൽ ദൈവികശുശ്രൂഷ നിർവ്വഹിക്കാനായി തന്റെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കി, ജീവിതം നിനക്കു സമർപ്പിച്ച നിന്റെ മകനായ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിക്കായി ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനു മുൻപേ ഈ ശുശ്രൂഷയ്ക്കായി വിളിച്ച നിന്റെ മഹാകൃപയ്ക്കും, കരുണയ്ക്കുമായി സ്തോത്രം. ശുശ്രൂഷാ സരണികളിൽ ഇതുവരെയും അർത്ഥവത്തായി മുന്നേറുവാൻ നീ നൽകിയ മുഖാന്തരങ്ങൾക്കായി ഞങ്ങൾ നിനക്ക് മഹത്വം കരേറ്റുന്നു. സ്തുതിയും സ്തോത്രവും പുകഴ്ച്ചയും സദാനേരത്തും നിനക്ക് യോഗ്യമായിരിക്കുന്നു. ആമേൻ.

### അനുതാപ പ്രാർത്ഥന

*(പ്രതിവാക്യം: കരുണാമയനായ ദൈവമേ, ഞങ്ങളോടു ക്ഷമിക്കേണമേ)*

1. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും ഇടപെടലുകളിലൂടെ സമൂഹത്തിൽ തണ്ടിന്മേൽ തെളിച്ച വിളക്കായി ശോഭിക്കുവാൻ സഭയായി നിയോഗിക്കപ്പെട്ടിട്ടും, പരാജയപ്പെട്ട കുറവുകളെ...
2. അവിടുത്തെ സൃഷ്ടിയായ പ്രകൃതിയെയും അതിന്റെ വിഭവങ്ങളെയും സ്വാർത്ഥലാഭത്തിനും സന്തോഷ ത്തിനുമായി ചൂഷണംചെയ്ത് ഇല്ലാതാക്കിയ ലോകക്രമങ്ങൾക്കും മനുഷ്യതാല്പര്യങ്ങൾക്കും എതിരായി കാര്യവിചാരക സമൂഹമായി നിലകൊള്ളുവാൻ കഴിയാതെ പോയ ഞങ്ങളുടെ കുറവുകളെ...
3. വചനധ്യാനവും, ആരാധനാജീവിതവും, വിശ്വാസജീവിതത്തിന്റെ അനിവാര്യഘടകങ്ങളാണെന്ന് മനസ്സിലാക്കി യിട്ടും, വചനത്തിന്റെ പഠനം ഗൗരവമാക്കാതെയും ആരാധനാനുഭവങ്ങളെ അലക്ഷ്യമായി സമീപിച്ചതുമായ ഞങ്ങളുടെ കുറവുകളെ...

### സ്തോത്ര പ്രാർത്ഥന

*(പ്രതിവാക്യം: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു)*

1. തിരുസഭയുടെ ഭാഗമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും, സഭയെ നയിക്കുന്ന ഞങ്ങളുടെ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കായും, സഫ്രഗൻ മെത്രാപ്പോലീത്താമാർക്കായും എപ്പിസ്കോപ്പാമാർ, കശ്ശീശന്മാർ, ശെമ്മാശന്മാർ, സുവിശേഷകർ, വിശ്വാസസമൂഹം തുടങ്ങിയ എല്ലാവർക്കും നൽകിയിരിക്കുന്ന ദർശനങ്ങൾക്കായും ദൈവമേ....
2. ദൈവവചനാടിസ്ഥാനത്തിൽ സഭയുടെ ദൗത്യവും സാക്ഷ്യവും സംഗതമായി സംവേദനം ചെയ്യുകയും. മൂല്യാ ധിഷ്ഠിത ഇടപെടലുകളിലൂടെയും, എക്യൂമെനിക്കൽ ബന്ധങ്ങളിലൂടെയും, പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങ ളോടുള്ള കരുതലിലൂടെയും വൈദീകശുശ്രൂഷയുടെ 50 സംവത്സരങ്ങൾ പൂർത്തീകരിക്കുന്ന അഭി. മെത്രാപ്പോലീത്താ തിരുമേനിയെ സഭയ്ക്ക് ദാനം നൽകിയ ദൈവമേ...
3. ശ്രേഷ്ഠ ഇടയശുശ്രൂഷയിലേക്ക് അഭി. മെത്രാപോലീത്താ തിരുമേനിയെ ഒരുക്കിയ തിരുമേനിയുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, കുടുംബാംഗങ്ങൾ, മാതൃഇടവക, സണ്ടേസ്ക്കൂൾ അദ്ധ്യാപകർ, കലാലയങ്ങൾ, ഗുരുക്കൻമാർ, വൈദിക സെമിനാരി തുടങ്ങി എല്ലാ മുഖാന്തിരങ്ങൾക്കായും ദൈവമേ...

### സമർപ്പണ പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ നിന്റെ വിളിയും, തിരഞ്ഞെടുപ്പും മനസ്സിലാക്കി ജീവിക്കാനും പ്രവർത്തിക്കാനും ഞങ്ങളെ സഹായിക്കേണമേ. ആധുനികലോക ജീവിതക്രമത്തിന്റെ അന്ധകാരപൂർണ്ണമായ അനുഭവങ്ങളിലാ യിരിക്കുന്നവർക്ക് അത്ഭുത പ്രകാശത്തിന്റെ മഹാനുഭവം നൽകുവാൻ ഞങ്ങൾ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യത്തിൽ, വ്യക്തികളായും, കുടുംബമായും, ഇടവകയായും, ഭദ്രാസനമായും, സഭയായും ഞങ്ങളുടെ സാക്ഷ്യം നിറവേറ്റുവൻ ഞങ്ങളെ സഹായിക്കേണമേ. ദൈവമേ, ഞങ്ങളുടെ അയോഗ്യതയിലും ഞങ്ങളോടുള്ള നിന്റെ വിശ്വസ്തത മനസ്സിലാക്കി, സ്വാർത്ഥഭാവം വെടിഞ്ഞ്, ഭയഭക്തിയോടെയും, തിരുസന്നിധിയിൽ വിനയത്തോടെയും ജീവിക്കുവാനും ശുശ്രൂഷ നിർവ്വഹിക്കുവാനും ഞങ്ങളെ സഭയായി തിരുക്കരങ്ങളിലേക്ക് സമർപ്പിക്കുന്നു. ആമേൻ